**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2436** **27-02-2023 - ൽ മറുപടിയ്ക്ക്**

**നികുതി വെട്ടിപ്പ് തടയാൻ നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ഉപഭോക്താക്കൾ നൽകുന്ന നികുതി സർക്കാരിലെത്തുന്നുണ്ടെന്ന് ഉറപ്പ് വരുത്താൻ നിലവിൽ എന്തെങ്കിലും മാർഗമുണ്ടോ; | (എ) | ജി.എസ്.ടി സംവിധാനത്തിൽ ഉപഭോക്താക്കളിൽ നിന്നും സമാഹരിക്കപ്പെടുന്ന നികുതി തുക നികുതിദായകരായ വ്യക്തികൾ (വ്യാപാരികൾ) റിട്ടേൺ മുഖേന സർക്കാരിലേക്ക് അടയ്ക്കുകയാണ് ചെയ്യുന്നത്. ഇത്തരത്തിൽ ഉപഭോക്താക്കളിൽ നിന്നും സമാഹരിക്കപ്പെടുന്ന നികുതി തുക പൂർണ്ണമായും സർക്കാരിലേക്ക് അടയ്ക്കപ്പെടുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ ജി.എസ്.ടി വകുപ്പ് സ്വീകരിച്ചുവരുന്നു. ജി.എസ്.ടി നിയമത്തെക്കുറിച്ചും, സാധനമോ സേവനമോ സ്വീകരിക്കുന്ന വ്യക്തി ബിൽ/ഇൻവോയ്സ് വാങ്ങേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കാൻ നിരവധി ബോധവത്ക്കരണ പരിപാടികൾ വിവിധ മാധ്യമങ്ങൾ വഴി വകുപ്പ് നടപ്പിലാക്കിവരുന്നു. ഇതുകൂടാതെ ബിൽ ആവശ്യപ്പെടുന്നത് പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി 'ലക്കിബിൽ' പോലുള്ള സമ്മാന പദ്ധതികളും വകുപ്പ് നടപ്പിലാക്കിയിട്ടുണ്ട്. ലക്കിബിൽ മൊബൈൽ ആപ്പ് കൂടുതൽ ആകർഷകമാക്കുന്നതിനായി കൂടുതൽ ബില്ലുകൾ അപ് ലോഡ് ചെയ്യുന്ന ഉപഭോക്താക്കൾക്ക് കൂടുതൽ സമ്മാനം നൽകുന്നതിനോടൊപ്പം സമ്മാനാർഹമായ ബില്ലുകൾ നൽകിയ വ്യാപാരികൾക്കും സമ്മാനം ലഭ്യമാക്കുന്ന രീതിയിൽ സമ്മാനഘടനയിൽ മാറ്റം വരുത്തുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു. കൂടാതെ, ലക്കിബിൽ മൊബൈൽ ആപ്പിന്റെ പ്രചാരം വർദ്ധിപ്പിക്കുന്നതിനായി പ്രതിദിന പ്രതിവാര പ്രതിമാസ നറുക്കെടുപ്പുകൾ ജില്ലകളിൽ വെച്ച് നടത്തുന്നതിനുള്ള ഒരുക്കങ്ങളും നടന്നുവരുന്നു.കെ.എസ്.ജി.എസ്.ടി നിയമം 2017, വകുപ്പ് 31 പ്രകാരം ഒരു രജിസ്റ്റേർഡ് ടാക്സബിൾ പേഴ്സൺ നികുതി വിധേയമായ ഉൽപ്പന്നങ്ങൾ |

| | | | |
|---|---|---|---|
| | | | റെസിപ്പിയന്റിന് കൈമാറുന്ന സമയത്തുതന്നെ കൃത്യമായ ടാക്സ് ഇൻവോയ്സും നൽകാൻ ബാധ്യസ്ഥനാണ്. ജി.എസ്.ടി നിയമപ്രകാരം വ്യാപാരികൾ കൃത്യമായി ബിൽ നൽകുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനുവേണ്ടി ടെസ്റ്റ് പർച്ചെയ്സുകൾ നടത്താനുള്ള നിർദ്ദേശം ഇന്റലിജൻസ് സ്ക്വാഡുകൾക്ക് നൽകിയിട്ടുണ്ട്. അതോടൊപ്പം 10 കോടിക്കുമേൽ വിറ്റുവരവ് ഉള്ള B2B ഡീലേഴ്സിന് ഇ-ഇൻവോയ്സ് നിർബന്ധമാക്കുകയും ചെയ്തിട്ടുണ്ട്. ഇ-ഇൻവോയ്സ് നിർബന്ധമാക്കിയ മേഖലകൾ വിപുലപ്പെടുത്തുന്നതിനും, വിറ്റുവരവ് പരിധി 10 കോടി എന്നത് കുറക്കുന്നതിനും സർക്കാർ ജി.എസ്.ടി യുമായി ബന്ധപ്പെട്ട കമ്മിറ്റികളിൽ ആവശ്യം ഉന്നയിച്ചിട്ടുണ്ട്. |
| (ബി) | ഏത് തരം ജി.എസ്.ടി. രജിസ്ട്രേഷൻ ഉള്ള സ്ഥാപനങ്ങൾക്കാണ് ജി.എസ്.ടി പിരിച്ചെടുക്കുന്നതിന് അർഹതയുള്ളതെന്ന് അറിയിക്കാമോ; | (ബി) | സി ജി എസ് ടി / എസ് ജി എസ് ടി നിയമത്തിന്റെ വകുപ്പ് 9(1) പ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ട നികുതിദായകർക്കാണ് ഉപഭോക്താക്കളിൽ നിന്നും ജി എസ് ടി പിരിച്ചെടുക്കുന്നതിന് അർഹതയുള്ളത്. |
| (സി) | തങ്ങൾ നല്കിയ ജി.എസ്.ടി. സർക്കാരിൽ അടയ്ക്കുന്നുണ്ടെന്ന് ഉപഭോക്താവിന് ഉറപ്പുവരുത്താൻ വെബ്സൈറ്റ് പരിശോധിക്കുന്നതിന് സാധിക്കുന്ന സംവിധാനം ഏർപ്പെടുത്താമോ? | (സി) | ജി എസ് ടി പോർട്ടലിന്റെ മുഴുവൻ ഐ ടി സംവിധാനവും കൈകാര്യം ചെയ്യുന്നത് ഗുഡ്സ് ആൻഡ് സർവീസ് ടാക്സ് നെറ്റ് വർക്ക് (GSTN) എന്ന നോൺ ഗവൺമെന്റ് നോൺ പ്രോഫിറ്റ് സ്ഥാപനമാണ്. ടാക്സ് ഓഫീസേഴ്സിനുള്ള ബാക് ഓഫീസ് സംവിധാനവും നികുതിദായകർക്കുള്ള ഫ്രണ്ട് എൻഡ് സേവനവും (രജിസ്ട്രേഷൻ, റിട്ടേൺ ഫയലിംഗ്, നികുതി ഒടുക്കൽ മുതലായവ) നൽകുന്നത് ജി എസ് ടി എൻ ആണ്. നിലവിൽ ഫ്രണ്ട് എൻഡ് സേവനങ്ങൾക്കായുള്ള www.gst gov.in എന്ന സൈറ്റിൽ ജി എസ് ടി രജിസ്ട്രേഷൻ നമ്പർ (GSTIN) ഉപയോഗിച്ച് ഏതൊരു ടാക്സ് പെയറുടേയും വിവരങ്ങൾ, റിട്ടേൺ ഫയലിംഗ് വിശദാംശങ്ങൾ എന്നിവ ലഭ്യമാണ്. നിലവിൽ റിട്ടേണിനോടൊപ്പം ഉപഭോക്താവിന്റെ ബിൽ അപ് ലോഡ് ചെയ്യുന്നതിന് ജി.എസ്.ടി നിയമത്തിൽ നിഷ്കർഷിച്ചിട്ടില്ലാത്തതിനാൽ ഈ പരിശോധന നടത്തുന്നതിന് പരിമിതികൾ ഉണ്ട്. ഇതോടൊപ്പം ടാക്സ് ഇൻവോയ്സുകളും കൂടി പരിശോധിക്കുവാനായുള്ള സംവിധാനം ഏർപ്പെടുത്തണമോ എന്ന കാര്യം ജി എസ് ടി കൗൺസിലിൽ പരിശോധിച്ച് തീരുമാനമെടുക്കേണ്ടതാണ്. ആയതിൽ സംസ്ഥാനങ്ങൾക്കു മാത്രമായി തീരുമാനം കൈക്കൊള്ളാൻ സാധ്യമല്ല. |

സെക്ഷൻ ഓഫീസർ